# പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 939

28.04.2017-ന് മറുപടിയ്ക്ക്

## പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.മുല്ലക്കര രത്നാകരൻ | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

(എ) 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം' എന്ന പദ്ധതിയ്ക്കായി വിഭാവന ചെയ്തിട്ടുള്ള കാര്യങ്ങൾ എന്തെല്ലാം എന്ന് വ്യക്തമാക്കാമോ;

(എ) പൊതുവിദ്യാഭ്യാസ രംഗത്തെ നിലവിലുള്ള കുറവുകൾ പരിഹരിക്കുന്നതിനുവേണ്ടി മതനിരപേക്ഷ ജനാധിപത്യ ജനകീയ സമീപന രീതി ഉൾക്കൊണ്ടുകൊണ്ട് പൊതുവിദ്യാഭ്യാസരംഗം ആധുനികവൽക്കരിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി ആവിഷ്കരിച്ചിട്ടുള്ള 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം' പദ്ധതിയുടെ ഭാഗമായി ചുവടെ ചേർക്കുന്ന കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

1) ആയിരം സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുക.

2) ഹൈസ്കൂൾ, ഹയർ സെക്കന്ററി തലത്തിൽ എല്ലാ ക്ലാസ് മുറികളും ഹൈടെക് ക്ലാസ് മുറികളാക്കി പഠന പ്രവർത്തനങ്ങൾക്ക് പുതിയ മാനം നൽകുക.

3) എൽ.പി., യു.പി. ക്ലാസ്സുകളിൽ പൊതുവിദ്യാലയങ്ങളുടെ പ്രസക്തി വീണ്ടെടുക്കുന്നതിനായി അദ്ധ്യാപക രക്ഷാകർതൃ സംഘടനകൾ, പൂർവ്വ വിദ്യാർത്ഥി സംഘടനകൾ എന്നിവയുടെ സഹകരണത്തോടെ കാലോചിതമായ വികസനം ഉറപ്പാക്കുക.

4) 50 വർഷം, 100 വർഷം പൂർത്തിയാക്കിയ സ്കൂളുകൾക്ക് പ്രത്യേക പാക്കേജ് അടിസ്ഥാനത്തിൽ സഹായം നൽകുക, ഇംഗ്ലീഷ് ഭാഷാ പഠനത്തിന് പ്രോത്സാഹനം നൽകുക, അടുത്ത 2 വർഷം കൊണ്ട് രണ്ടാമത്തെ പ്രധാന ഉപഘടകത്തിന്റെ

പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും ഓരോ ജില്ലയിലും 5 സ്കൂളുകൾ ഒന്നാമത്തെ പ്രധാന ഉപഘടകത്തിന്റെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും ചെയ്യുന്നതാണ്.

പൂർണ്ണമായും ശിശുകേന്ദ്രീകൃതമായുള്ള അദ്ധ്യാപന രീതീക്ക് ഊന്നൽ നൽകിക്കൊണ്ട് എല്ലാ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കും പഠനത്തിൽ പങ്കാളിത്തം ഉറപ്പാക്കുന്ന ഒരു 'യൂണിവേഴ്സൽ ഡിസൈൻ ഓഫ് ലേണിംഗി'ന്റെ അടിസ്ഥാനത്തിൽ അദ്ധ്യാപന പരിശീലന പദ്ധതികൾ കൂടി ഉൾപ്പെടുത്തി വിവരസാങ്കേതികാധിഷ്ഠിതമായി പുതുക്കിയ പാഠ്യപദ്ധതി വിനിമയ പ്രവർത്തനങ്ങൾ രൂപപ്പെടുത്തുകയും പാഠ്യപദ്ധതി ലക്ഷ്യങ്ങൾ കൈവരിക്കാത്ത പ്രശ്നം പരിഹരിക്കുന്നതിനായി പാഠ്യപദ്ധതിയിൽ ആവശ്യമായ മെച്ചപ്പെടുത്തലുകളും അദ്ധ്യാപക ശാക്തീകരണ പ്രവർത്തനങ്ങളും ഉൾപ്പെടെ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കി നടപ്പിൽ വരുത്തുകയും ഇപ്രകാരം അദ്ധ്യാപന-അദ്ധ്യയന തലങ്ങളിൽ സമഗ്രമായ മാറ്റം വരുത്തുന്നതോടൊപ്പം കുട്ടികളുടെ നൈസർഗ്ഗിക കഴിവുകൾക്ക് പ്രോത്സാഹനം നൽകുന്ന വിധത്തിലുള്ള പദ്ധതികളും പൊതുവിദ്യാഭ്യാസ യജ്ഞം പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

| | |
|---|---|
| (ബി) പ്രസ്തുത പദ്ധതിയ്ക്കായി പ്രത്യേകം തുക വകയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ? | (ബി) പ്രസ്തുത പദ്ധതി നിർവ്വഹണത്തിനായി 19 കോടി രൂപ ധനപുനർ വിനിയോഗം മുഖേന കണ്ടെത്തി ആയത് ഇ-ലാംസിലേക്ക് മാറ്റിയിട്ടുണ്ട്. കൂടാതെ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ പരിധിയിൽ വരുന്ന 2017-18-ലെ പദ്ധതികളിൽ ജൈവവൈവിദ്ധ്യ ഉദ്യാനം, ഓട്ടിസം പാർക്ക്, അടിസ്ഥാന സൗകര്യ വികസനം എന്നിവയ്ക്ക് 2017-18 ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ